LIBRARY ARCHIVES Kerala Legislative Assembly

## പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തന മികവ്

29 (*88 ) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തന മികവ് സൂചികയിൽ (പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡെക്സ്) മുൻകാലങ്ങളിലെപോലെ 2019-20 വർഷത്തിലും സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിരുന്നോ എന്നറിയിക്കാമോ?

മുൻവർഷങ്ങളിലെപോലെ ഭാരത സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയം 2019-20 വർഷത്തെ പ്രവർത്തന മികവ് സൂചിക (പി.ജി.ഐ. ഇൻഡക്സ്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളം അതിൽ 901-950 സ്കോർ നേടിയവർക്കായുള്ള ശ്രേണിയിലാണ്. ഈ ശ്രേണിയാണ് ഒന്നാം സ്ഥാനത്തുള്ള ശ്രേണി. മുൻവർഷങ്ങളിലും ഒന്നാം സ്ഥാനത്തുള്ള ശ്രേണിയിൽ തന്നെയായിരുന്നു കേരളം.

(ബി) പ്രധാനമായും എന്തെല്ലാം ഘടകങ്ങൾ വിലയിരുത്തിക്കൊണ്ടാണ് പ്രസ്തുത സൂചിക തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രധാനമായും ചുവടെ പറയുന്ന പ്രധാന ഘടകങ്ങൾ വിലയിരുത്തിയാണ് പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡെക്സ് തയ്യാറാക്കുന്നത്. കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാപ്യത, പൊതു വിദ്യാഭ്യാസ മേഖലയിലെ ഭരണ നിർവ്വഹണം, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ, ഫലപ്രാപ്തി, തുല്യത (ഇക്വിറ്റി), സമഗ്രശിക്ഷാ പദ്ധതി പ്രവർത്തനങ്ങളുടെ ഗുണനിലവാരം.

(സി) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യവും അദ്ധ്യയന നിലവാരവും വർദ്ധിപ്പിക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്.

അടിസ്ഥാന സൗകര്യ വികസനം:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ

വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. കൂടാതെ SSK, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി രൂപയുടെ കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂൾ കെട്ടിടങ്ങളും 3 കോടി രൂപയുടെ കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

<u>സാങ്കേതികവിദ്യ</u>

ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ സെക്കണ്ടറി, ഹയർ സെക്കണ്ടറി എന്നിവയുടെ എല്ലാ ക്ലാസ് മുറിയും സാങ്കേതിക വിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. 4752 സ്കൂളുകളിൽ ഐ.ടി. അടിസ്ഥാന സൗകര്യം, 14,000 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്, 45,000 ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി, പ്രൈമറി സ്കൂളുകളിൽ പ്രൈമറി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 119,054 ലാപ്ടോപ്പ്, 69943 പ്രൊജക്ടർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 ടി.വി., 4611 മൾട്ടി ഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ്ക്യാം, 100472 യു.എസ്.ബി. സ്പീക്കർ, 43250 മൗണ്ടിംഗ് കിറ്റ് തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ വിന്യസിച്ചു. സാങ്കേതികവിദ്യയിൽ അദ്ധ്യാപകർക്കും കുട്ടികൾക്കുമുണ്ടായ മുൻപരിചയം ലോക്ഡൗൺ കാലത്ത് വലിയ തോതിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. സാങ്കേതികവിദ്യ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്താൻ സമഗ്ര പോർട്ടൽ തയ്യാറാക്കി. മഹാമാരി കാലത്ത് ഡിജിറ്റൽ ക്ലാസ്സുകളെ കുട്ടികൾ എങ്ങനെ അഭിമുഖീകരിക്കുമെന്ന് ലോകം ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ കേരളത്തിന്റേതായ അനന്യമാതൃക വികസിപ്പിച്ചു. കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും 2020 ജൂൺ 1-ന് തന്നെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു. ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്ന സർക്കാരിന്റെ അഭ്യർത്ഥന കേരളീയ സമൂഹം നെഞ്ചിലേറ്റി നടപ്പാക്കി. കോടിക്കണക്കിന് രൂപ മൂല്യമുള്ള പതിനായിരത്തിലേറെ ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ്സുകൾ വീക്ഷിക്കാനുള്ള സൗകര്യമൊരുക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് യൂട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസ്സുകൾ ഒരുക്കി. കന്നട, തമിഴ് മാധ്യമം കുട്ടികൾക്കും ക്ലാസ്സുകൾ ഒരുക്കി. വൊക്കേഷണൽ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ ഉറപ്പാക്കി.

അക്കാദമികം

സ്കൂളിന്റെ സമഗ്ര വികസനത്തെ കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി. ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന അക്കാദമിക് പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങളും ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കല, കായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങളും നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തി. കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള അറിവും കഴിവും മനോഭാവവും വികസിപ്പിക്കുന്നതോടൊപ്പം അതത് ക്ലാസ്സുകളിൽ കുട്ടികൾ ആർജ്ജിക്കേണ്ട പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ നേടുക എന്നത് ലക്ഷ്യമായി നിശ്ചയിച്ചു. അതിന്റെ ഭാഗമായി ശാസ്ത്ര മേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ, സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നത് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ് എന്ന പദ്ധതി', ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ കാര്യത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇ ക്യൂബ് (E3) പദ്ധതി എന്നിവ നടപ്പാക്കി. ഹയർ സെക്കണ്ടറി വിഭാഗം അദ്ധ്യാപകർക്കായി 10 ദിവസം നീണ്ടുനിന്ന റെസിഡൻഷ്യൽ അദ്ധ്യാപക പരിവർത്തന പദ്ധതി നടപ്പാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനുംവേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗവിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' എന്നിവ ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക കരിക്കുലം, കൈപ്പുസ്തകം എന്നിവ വികസിപ്പിക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു. സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട 'വിദ്യാലയം പ്രതിഭകളിലേക്ക്' എന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം വിപുലമായി നടത്തി. രക്ഷാകർതൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി 'നന്മ പൂക്കുന്ന നാളേയ്ക്ക് ' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിലാകെ പ്രസരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ എല്ലാവിധ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളിലും സമൂഹപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി. ഭരണനിർവ്വഹണം മെച്ചപ്പെടുത്താനായി ഡി.പി.ഐ., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റുകൾ എന്നിവ ഏകോപിപ്പിച്ച് എല്ലാ ഡയറക്ടറേറ്റുകളേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ കൊണ്ടുവന്നു. എയ്ഡഡ് മേഖലയിലെ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും കൂടുതൽ സുതാര്യമാക്കി. ഇതിനായി 'സമന്വയ' പോർട്ടൽ വികസിപ്പിച്ചു. കഴിഞ്ഞ സർക്കാർ നിർത്തിവച്ചിരുന്ന ഹയർസെക്കണ്ടറി പ്രിൻസിപ്പൽ നിയമനം സമയബന്ധിതമായി നടപ്പാക്കി. മാനദണ്ഡം പാലിച്ച് ഓൺലൈൻ സ്ഥലം മാറ്റം സ്കൂൾ വർഷാരംഭത്തിന് മുമ്പുതന്നെ പൂർത്തീകരിക്കുന്ന അവസ്ഥ സംജാതമാക്കാനും കഴിഞ്ഞു.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിച്ച് ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ച്പ്പാടിനെ ജനകീയമാക്കി. പൊതുവിദ്യാലയങ്ങളിലുണ്ടായ ഉണർവ്വും അതുണ്ടാക്കിയ അന്തരീക്ഷവും അൺഎയ്ഡഡ് വിദ്യാലയങ്ങളിൽനിന്നും മറ്റ് സ്വകാര്യ വിദ്യാലയങ്ങളിൽ നിന്നും കുട്ടികളെ മാറ്റി പൊതുവിദ്യാലയങ്ങളിൽ ചേർക്കാൻ രക്ഷിതാക്കൾക്ക് പ്രേരകമായി. 2017-18 മുതൽ 2020 -21 വരെ നാല് അക്കാദമിക വർഷങ്ങളിലായി 6.8 ലക്ഷം കുട്ടികൾ അധികമായി പൊതു വിദ്യാലയങ്ങളിലെത്തി. അക്കാദമിക രംഗത്തെ മുന്നേറ്റത്തിന്റെ അംഗീകാരമാണ് നീതി ആയോഗ് നടത്തിയ ഗുണനിലവാര പഠനത്തിൽ (SEQI) നമുക്ക് ലഭിച്ച ഒന്നാം സ്ഥാനം. ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറി. ഇതിന്റെ പ്രഖ്യാപനം 2020 ഒക്ടോബർ 12-ന് നടന്നു. സർക്കാർ യു.പി. സ്കൂളുകളിൽ 2685 കലാ-കായിക പ്രവൃത്തി പരിചയ അദ്ധ്യാപകരെ സമഗ്രശിക്ഷാ കേരളം വഴി നിയമിച്ചു. ഭിന്നശേഷിയുള്ള കുട്ടികളുടെ സേവനത്തിനായി 2160 റിസോഴ്സ് അദ്ധ്യാപകരെ (സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്) നിയമിച്ചു. ഉച്ചഭക്ഷണം പാകം ചെയ്യാൻ എല്ലാ വിദ്യാലയങ്ങൾക്കും എൽ.പി.ജി. സൗകര്യം ഒരുക്കുകയും പാചകക്കൂലിയും പാചക ചെലവിനുള്ള തുകയും വർദ്ധിപ്പിക്കുകയും ചെയ്തു. ഉച്ചഭക്ഷണ ഗുണമേന്മ ഉറപ്പാക്കാൻ ഭക്ഷ്യ വസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും ലബോറട്ടറി പരിശോധന ഉറപ്പാക്കി. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ എല്ലാ കുട്ടികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ സൗജന്യ യൂണിഫോം നൽകി. പാഠപുസ്തക വിതരണം സമയബന്ധിതമാക്കി. ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം, കൃഷി, പരിസ്ഥിതി എന്നിവയെല്ലാം ഉദ്ഗ്രഥിച്ചുകൊണ്ട് 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കി. എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ സമഗ്ര മാറ്റം, എല്ലാ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ്. (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്) എന്നിവയും നടപ്പിലാക്കി.

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസരംഗത്തെ കൂടുതൽ ശാക്തീകരിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 ഉയർത്തിയ വിദ്യാഭ്യാസപരവും അക്കാദമികവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനാവശ്യമായ സവിശേഷ ഇടപെടൽ ആവശ്യമായി വരും. അതോടൊപ്പം 2020-21 വർഷത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഡിജിറ്റൽ ക്ലാസ്സുകൾ കൂടുതൽ കാര്യക്ഷമവും ആകർഷകവുമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ക്ലാസ്സുകൾ ആകർഷകമാക്കുന്നതിനുള്ള വ്യത്യസ്ത ആശയങ്ങൾ ഡിജിറ്റൽ ക്ലാസ്സുകളിൽ ഉൾച്ചേർക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നുണ്ട്. സാങ്കേതികവിദ്യയുടെ നൂതന സാദ്ധ്യതകൾകൂടി പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ കൂടുതൽ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികൾ നടത്തുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ യാഥാർത്ഥ്യമാക്കാനുള്ള സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും. കൂടാതെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റലൈസേഷന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തൽ, സ്കൂൾ ലാബുകൾ അഭിവൃദ്ധിപ്പെടുത്തൽ, വിദ്യാഭ്യാസ ഗുണത ഉയർത്തുന്നതിന്റെ ഭാഗമായി ഐ.ടി. അധിഷ്ഠിത അധ്യയനത്തിൽ ഊന്നിക്കൊണ്ടുള്ള അദ്ധ്യാപക പരിശീലനങ്ങൾ, പഠന പിന്തുണ വേണ്ട കുട്ടികൾക്കും മേഖലകൾക്കും വേണ്ടിയുള്ള പ്രത്യേക പ്രവർത്തനങ്ങൾ, അദ്ധ്യയനത്തിൽ മികവ് കാട്ടുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിപാടികൾ, കലാ-കായിക വികസനത്തിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളുമുണ്ട്. സ്കൂളുകൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ കോവിഡ് 19-ന്റെ കൂടി പശ്ചാത്തലത്തിൽ സമഗ്രമായി പരിഷ്കരിക്കും. ജൈവവൈവിധ്യ ഉദ്യാന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ സ്കൂളുകളിൽ ഫലപ്രദമായി നടപ്പാക്കാനാവശ്യമായ പദ്ധതി ആവിഷ്കരിക്കും. ലിംഗനീതി, ലിംഗതുല്യത തുടങ്ങിയവ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കും. പാഠപുസ്തകങ്ങൾ ജൻഡർ ഓഡിറ്റിംഗിന് വിധേയമാക്കും. തുടങ്ങിവച്ച ഭരണപരമായ ഏകോപന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകും. അതോടൊപ്പം ഖാദർ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങും.

LIBRARY ARCHIVES Kerala Legislative Assembly